പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2020 07-12-2015 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷ പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. സി. കെ. സദാശിവൻ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
| എ) | 2012-13 ലെ സംസ്ഥാന ബജറ്റിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര തുക അനുവദിക്കപ്പെട്ടുവെന്നും എത്ര തുക ട്രഷറിയിൽ പിൻവലിക്കാതെ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ ; | എ) | 2012-13 സാമ്പത്തിക വർഷം മത്സ്യ വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (കടൽ മത്സ്യ സമ്പത്ത്) എന്ന പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ 100 ലക്ഷം രൂപ, കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ്, മത്സ്യ ബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ എന്നിവയിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |
| ബി) | എല്ലാ മത്സ്യബന്ധനബോട്ടുകളിലും വയർലെസ്സോ മൊബൈൽ കണക്റ്റിവിറ്റിയോ ഉണ്ടെന്ന് ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എല്ലാ മത്സ്യത്തൊഴിലാളികൾക്കും കടൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | ബി) | മത്സ്യബന്ധന ബോട്ടുകളിൽ വയർലെസ്സോ മൊബൈൽ കണക്ടിവിറ്റിയോ ഉണ്ടെന്ന് ഉറപ്പാക്കാനുള്ള പൂർണ്ണമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കേരളത്തിൽ നിന്നും മത്സ്യബന്ധന ത്തിനു പോകുന്ന 7262 മത്സ്യബന്ധനയാന ഉടമകൾക്ക് ലൈഫ് ബോയ്, റഡാർ, റിഫ്ളക്ടർ, കോമ്പസ്, ഹീലിയോ ഗ്രാഫ്, റേഡിയോ ബീക്കൺ, ഫിഷിംഗ് കം എമർജൻസി ഫ്ളാഷ് ലൈറ്റ്, ഫസ്റ്റ് എയിഡ് കിറ്റ്, വൈറ്റമിൻ ബിസ്ക്കറ്റ്, ജാക്ക്നൈഫ്, കന്നാസ് എന്നീ സുരക്ഷ ഉപകരണങ്ങൾ ഉൾപ്പെട്ട കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ